**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 449** **02-02-2023 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി മുഖേന ഭരണാനുമതി നൽകിയ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെത്തുക എത്രയാണെന്നും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) | കിഫ്‌ബിയിൽ ഉൾപ്പെടുത്തി നാളിതുവരെ 74,009.55 കോടി രൂപയുടെ 993 പദ്ധതികൾക്കാണ് കിഫ്‌ബി ധനാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 24,931.85 കോടി രൂപയുടെ പദ്ധതികളിന്മേൽ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കിഫ്‌ബി മുഖേന നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെത്തുകയും ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | കിഫ്‌ബി മുഖേന നടപ്പ് സാമ്പത്തിക വർഷം, കോസ്റ്റൽ ഹൈവേയുടെ വിവിധ റീച്ചുകൾക്ക് സ്ഥലമേറ്റെടുക്കുന്നതിനായുള്ള 2201.11 കോടി രൂപ ഉൾപ്പെടെ ആകെ 2828.74 കോടി രൂപയുടെ പദ്ധതികൾക്കാണ് ധനാനുമതി നൽകിയിട്ടുള്ളത്. സ്ഥലമേറ്റെടുക്കുന്നതിനായുള്ള തുക ഒഴികെ ബാക്കി വരുന്ന 677.63 കോടി രൂപയുടെ പദ്ധതികളിൽ 12.13 കോടി രൂപയുടെ പദ്ധതികൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മറ്റുള്ളവ ടെൻഡർ ചെയ്യുന്നതിനുള്ള വിവിധ ഘട്ടങ്ങളിലാണ്. |
| (സി) | കിഫ്‌ബി മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ? | (സി) | കിഫ്‌ബി പദ്ധതികളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം അതത് പദ്ധതി നിർവഹണ ഏജൻസി ബിൽ തുക പാസ്സാക്കുന്ന ഉത്തരവോട്ടു കൂടി കിഫ്‌ബിയിൽ സമർപ്പിക്കപെടുകയും ആയത് കിഫ്‌ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനു ശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൌണ്ടിലേക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, 80% സാമ്പത്തിക പുരോഗതി കൈവരിക്കുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റു ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിച്ച് വളരെ പെട്ടെന്ന് തന്നെ തുക നൽകി വരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കു. കാലതാമസം |

| | | | |
|---|---|---|---|
| | | | ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയ ശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ